(ഡി) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2015 ആയി പുനർനിശ്ചയിക്കുന്നതിന് മുമ്പ് ലഭിച്ചിരുന്ന അപേക്ഷകളിൽ 39868 എണ്ണം തീർപ്പാക്കാൻ ബാക്കിയുണ്ട്. കമ്മീഷനിൽ അപേക്ഷ നൽകുന്നതിനുള്ള തീയതി ദീർഘിപ്പിച്ചതിനെത്തുടർന്ന് ലഭിച്ചിട്ടുള്ള അപേക്ഷകൾ തിട്ടപ്പെടുത്തി വരുന്നു. 2015 ഒക്ടോബർ വരെ കമ്മീഷൻ നൽകിയ ശിപാർശ കണക്കിലെടുത്താൽ 33.84 കോടി രൂപ അനുവദിക്കേണ്ടതായുണ്ട്.

സംസ്ഥാനത്തെ നെല്ലിന്റെ താങ്ങുവില

5 (*125) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. ചന്ദ്രൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ താങ്ങുവിലയിൽ വരുത്തിയ വർദ്ധന ഉല്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതോം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) കർഷക സംഘടനകൾ താങ്ങുവിലയായി എത്ര തുക പ്രഖ്യാപിക്കാനാണ് ആവശ്യപ്പെട്ടത്; ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(സി) കർഷകർ ഉല്പാദിപ്പിച്ച നെല്ല് മുഴുവനും സ്വകാര്യ മില്ലുകാർ സംഭരിച്ചതിന് ശേഷം ഏറെ വൈകിയാണ് താങ്ങുവിലയിൽ വർദ്ധനവ് പ്രഖ്യാപിക്കപ്പെട്ടത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിഷയം പരിശോധിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവില കേരളത്തിലെ ഉൽപ്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെല്ലിന്റെ ഉൽപ്പാദനച്ചെലവ് വർദ്ധനയ്ക്ക് പരിഹാരമായിട്ടാണ് നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ പദ്ധതി പ്രകാരമാണ് സംസ്ഥാനത്ത്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ച് വരുന്നത്. നെല്ലിന്റെ താങ്ങുവില (MSP) പ്രഖ്യാപിക്കുന്നത് കേന്ദ്രസർക്കാരാണ്. കേന്ദ്രസർക്കാർ, നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 13.60 രൂപയായിരുന്നത്, 2015-16 ഒന്നാം സീസൺ മുതൽ കിലോയ്ക്ക് 14.10 രൂപയായി വർദ്ധിപ്പിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ഉൽപ്പാദനച്ചെലവുമായി

LIBRARY ARCHIVES Kerala Legislative Assembly

താരതമ്യപ്പെടുത്തുമ്പോൾ കേന്ദ്രസർക്കാരിന്റെ താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ടാണ് സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വില നൽകി കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. പ്രസ്തുത വിലയ്ക്ക് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്ന സപ്ലൈകോയ്ക്ക് താങ്ങുവില (MSP) കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നു. കേന്ദ്രസർക്കാരിന്റെ താങ്ങുവില (MSP)-യും സംസ്ഥാന സർക്കാരിന്റെ സംഭരണവിലയും തമ്മിലുള്ള വ്യത്യാസം ഇൻസെന്റീവ് ബോണസായി സംസ്ഥാന സർക്കാർ നൽകുന്നു. നെല്ലിന്റെ സംഭരണവില കിലോക്ക് പത്തൊമ്പത് രൂപ നിരക്കിൽ നൽകിയിരുന്നത് 7-11-2015 -ലെ സ.ഉ. (എം.എസ്.)നമ്പർ 34/2015/ ഭ.സി.സ.വ പ്രകാരം കിലോയ്ക്ക് 21.50 രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരാണ് നെല്ലിന്റെ താങ്ങുവില പ്രഖ്യാപിക്കുന്നത്. കർഷക സംഘടനകൾ പ്രഖ്യാപിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള താങ്ങുവിലയുടെ വിശദാംശങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല.

(സി) താങ്ങുവിലയിലുള്ള വർദ്ധനവ് സംഭരണ സീസൺ ആരംഭിക്കുന്നതിനുമുമ്പായി പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ടാണ് സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വിലയ്ക്ക് നെല്ല് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്.

കുടുംബശ്രീയുടെ പ്രവർത്തനത്തെ സംബന്ധിച്ച് അവലോകനം

6 (*126) ശ്രീ. കെ. ദാസൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനത്തെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഇപ്പോൾ കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്നത് എന്ന് അറിയിക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ലഭിച്ച ഫണ്ട് വകമാറ്റി ചെലവഴിക്കപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുടുംബശ്രീ ഗവേണിംഗ് ബോഡിയിലെ അംഗങ്ങൾ വിദേശത്തുവച്ച് നടന്ന പരിപാടികളിൽ കുടുംബശ്രീയുടെ ചെലവിൽ യാത്ര ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly